<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5931**</u> <u>**16-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നിയമതടസ്സം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | അക്രമികളായ തെരുവുനായ്ക്കളെയും പേപ്പട്ടികളെയും കൊല്ലുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത (തടയൽ) ആക്ടിലെ 13-ാം വകുപ്പ പ്രകാരം പേ വിഷ ബാധയേറ്റ നായ്ക്കളെയും എ.ബി.സി റൂൾ 2001 ചട്ടം (9) പ്രകാരം മാരക മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെയും മാത്രമേ കൊല്ലുവാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാർ തലത്തിൽ മാത്രമേ കഴിയുകയുള്ളൂ. |
| (ബി) | ഇക്കാര്യങ്ങളിൽ സുപ്രീം കോടതിയുടെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പേവിഷബാധയേറ്റ നായ്ക്കളെയും പേവിഷബാധയേറ്റതായി സംശയിക്കപ്പെടുന്ന നായ്ക്കളെയും ദയാവധത്തിന് വിധേയമാക്കാവുന്ന വിഷയത്തിൽ സംസ്ഥാനം സുപ്രീംകോടതിയുടെ അനുമതി തേടിയിരുന്നുവെങ്കിലും ആയതിന് അനുമതി ലഭ്യമായിരുന്നില്ല. |

സെക്ഷൻ ഓഫീസർ